## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T5920 — 7.7.2014-ൽ മറുപടിക്ക്

### "പാർട്ട്ണർ കേരള" പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) "പാർട്ട്ണർ കേരള" പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തുവാൻ ബുദ്ധിമുട്ടായതിനാൽ വികസന പദ്ധതികൾക്കായി സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭകളുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിക്ഷേപകർക്ക് നഗരസഭകളിലെ നിക്ഷേപ സാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിനായാണ് പാർട്ട്ണർ കേരള നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുള്ളത്. നഗരസഭകളുടെ കൈവശമുള്ള വസ്തുക്കളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ സാമ്പത്തിക ഭദ്രതനഗരസഭകൾക്ക് ഇല്ലാത്തതിനാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ചെറുതും വലുതും ഉൾപ്പെടെ ആകർഷകമായ പദ്ധതികൾ ഏറ്റെടുത്തു നടത്തുക വഴി നഗരസഭകളുടെ പൊതുവായ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്. |
| (ബി) "പാർട്ട്ണർ കേരള" പദ്ധതിയിൽ പങ്കാളികളാവാൻ ഏതെല്ലാം സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ; | (ബി) "പാർട്ട്ണർ കേരള"യിൽ സമർപ്പിച്ച പദ്ധതികളുടേയും താൽപര്യപത്രം എഴുതി നൽകിയവരുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) "പാർട്ട്ണർ കേരള"പദ്ധതിക്കായി ഏതെല്ലാം വകുപ്പുകളുടെ നേതൃത്വത്തിൽ പാർട്ട്ണേഴ്സ് മീറ്റ് നടത്തുകയുണ്ടായി ; വിശദാംശം നൽകുമോ? | സി) നഗരകാര്യ വകുപ്പിന്റെ നേതൃത്വത്തിലാണ് പാർട്ട്ണർ കേരള മീറ്റ് നടത്തിയത്. നഗരസഭാ അധ്യക്ഷൻമാർ, സെക്രട്ടറിമാർ, എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, ചീഫ് ടൗൺപ്ലാനർ, ശുചിത്വമിഷൻ തുടങ്ങിയവർ മീറ്റിൽ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ